(ബി) ഇതിനുവേണ്ടി ആകെ ചെലവഴിച്ച തുക എത്ര ;

(സി) ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതം ;

ഉത്തരം

(എ) പമ്പാ, കുറിയാടി, പെരിയാർവാലി, ചിറ്റൂർപുഴ എന്നീ പദ്ധതികളുടെ പണി ഏഴും പദ്ധതിക്കാലത്ത് പൂർത്തിയാക്കണമെന്നുള്ളതാണ് പരിപാടി. പമ്പാ (കവിയൂർ ബ്രാഞ്ച് ഒഴികെ) ചിറ്റൂർപുഴ, മീനാക്ഷിപുരം (ലിഫ്റ്റ് ഇറിഗേഷൻ ഒഴികെ), കുറ്റ്യാടി എന്നീ പദ്ധതികളും 1986-87-ൽ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പെരിയാർ നദീതടപദ്ധതി 1987-88-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 1986 സെപ്റ്റംബർ വരെ 16879 ലക്ഷം രൂപയാണ്.

(സി) ഓരോന്നിനും ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ്.

1986 സെപ്റ്റംബർ വരെ ചെലവായ തുക

പമ്പാ—5253 ലക്ഷം രൂപ
കുറ്റ്യാടി—4943 ലക്ഷം രൂപ
പെരിയാർവാലി—5096 ലക്ഷം രൂപ
ചിറ്റൂർപുഴ—1587 ലക്ഷം രൂപ

സംസ്ഥാനത്തെ മണ്ണൊലിപ്പു കെടുതി

1172. [1776] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-ന് ശേഷം സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം മണ്ണൊലിപ്പിന്റെ കെടുതിയിൽപ്പെട്ടിട്ടുണ്ട് ;

(ബി) മണ്ണൊലിപ്പിന്റെ ഭീഷണിയെ തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) കണക്കാക്കപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1198.93 ലക്ഷം രൂപ ചെലവാക്കി. 15831 ഹെക്ടർ പ്രദേശത്ത് താഴെപ്പറയുന്ന മണ്ണ് സംരക്ഷണ പദ്ധതികളും നടപ്പിലാക്കി മണ്ണൊലിപ്പിന്റെ ഭീഷണിയെ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു :—

1. കൃഷിയോഗ്യ നിലങ്ങളിലെ മണ്ണു-ജല സംരക്ഷണം.
2. വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ നികത്തി എടുക്കൽ.
3. ഇടുക്കി തുടങ്ങിയ നദീതട പദ്ധതികളിടെ ജലസംഭരണ പ്രദേശങ്ങളിലെ മണ്ണു സംരക്ഷണം.
4. ജലസേചന പ്രദേശങ്ങളിലെ മണ്ണു സംരക്ഷണം.
5. ബാങ്കു വായ്പ ഉപയോഗിച്ചുള്ള കൃഷി പ്രദേശങ്ങളിൽ മണ്ണു സംരക്ഷണവും സംയോജിത വികസനവും.

LIBRARY ARCHIVES Kerala Legislative Assembly

6. നദീതട സംരക്ഷണത്തിനും നദീതടങ്ങളിൽ മണ്ണൊലിപ്പു തടയുന്നതിനുമുള്ള മുന്നോടി പദ്ധതി

7. പട്ടികജാതിക്കാരുടെ നിലങ്ങളിലെ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ മണ്ണു സംരക്ഷണ പദ്ധതികൾ

8. പട്ടികവർഗ്ഗക്കാരുടെ നിലങ്ങളിലെ ട്രൈബൽ സബ് പ്ലാൻ മണ്ണു സംരക്ഷണ പദ്ധതികൾ

9. കേന്ദ്ര മേഖലാ പദ്ധതിയായ കന്താ-പ്രോജക്ടിലെ ജല സംഭരണ പ്രദേശങ്ങളിലെ മണ്ണു സംരക്ഷണ പദ്ധതി

10. പശ്ചിമഘട്ട വികസന പരിപാടി അനുസരിച്ചുള്ള മണ്ണു സംരക്ഷണ പദ്ധതികൾ

11. വരൾച്ച ബാധിത പ്രദേശങ്ങളിലേയും വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലേയും ദുരിതാശ്വാസ മണ്ണുസംരക്ഷണ പദ്ധതികൾ

സംസ്ഥാനത്തെ മണ്ണുസംരക്ഷണം

1173. [1777] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ പ്രദേശത്ത് മണ്ണു സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) 15,831 ഹെക്ടർ.

(ബി) 1,198.93 ലക്ഷം രൂപ

സംസ്ഥാനത്തെ മണ്ണു സർവേ

1174. [1778] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഹെക്ടർ പ്രദേശത്ത് മണ്ണു സർവ്വേ നടത്തിയിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) 10.12 ലക്ഷം ഹെക്ടർ സ്ഥലത്ത് പ്രാഥമിക മണ്ണു സർവേയും 9.24 ലക്ഷം ഹെക്ടർ സ്ഥലത്ത് വിശദ മണ്ണു സർവേയും ഇതുവരെ നടത്തിയിട്ടുണ്ട്.

(ബി) മണ്ണു സർവേയും അതിനോടനുബന്ധിച്ച പദ്ധതി പ്രവർത്തനങ്ങൾക്കും വേണ്ടി പ്രതിവർഷം ഏകദേശം ഇരുപതു ലക്ഷം രൂപ ചെലവാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly